# 2025–2026 വർഷത്തെ യുവജന ശുശ്രൂഷ വാർഷിക റിപ്പോർട്ട് മരിയനാട് ഇടവക

ലോകത്തിനു മുന്നിൽ മാതൃകയായി മാറിയ ജ്ഞാനിയായ കരുത്തുറ്റ യുവാവായിരുന്നു ക്രിസ്തു എന്ന ദർശനം ഹൃദയത്തിൽ ഉൾക്കൊണ്ടുകൊണ്ട് ക്രിസ്തീയ മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന യുവജനങ്ങളുടെ സജീവവും പ്രതിബദ്ധവുമായ കൂട്ടായ്മയാണ് മരിയനാട് KCYM യൂണിറ്റ്. ദൈവത്തോടും, സഭയോടും ചേർന്ന് നിന്നുകൊണ്ട് ധാർമിക മൂല്യങ്ങൾ മുറുകെപ്പിടിക്കുകയും സമൂഹത്തോടുള്ള ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥമായി നിറവേറ്റുകയും ചെയ്യുന്ന യുവജനങ്ങൾ ഈ വർഷം ആത്മീയ സാമൂഹിക, സാംസ്കാരിക മേഖലകളിൽ ശ്രദ്ധേയമായ സാന്നിധ്യം രേഖപ്പെടുത്തി. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി തങ്ങളുടെ കഴിവുകളും സമയവും സമർപ്പിച്ച് പ്രവർത്തിക്കാൻ KCYM യുവജനങ്ങൾക്ക് കഴിഞ്ഞു.

## സംഘടന ഘടന

പ്രസിഡന്റ് : ശ്രീമാൻ. സജീവ് ജെ

വൈസ് പ്രസിഡന്റ് : ശ്രീമാൻ.ക്രിസ്റ്റീൻ

സെക്രട്ടറി : ശ്രീമതി. മെനൽ കുമാർ

ട്രഷറർ : ശ്രീമാൻ.പ്രകാശ്

എക്സിക്യൂട്ടീവ് അംഗങ്ങൾ

റോയി, റ്റോജി, ലിബിൻ, ആൻസി, ആദിത്യ, സോജൻ, ജ്യോതി

ഐക്യവും ഉത്തരവാദ്യത്വബോധവും നിറഞ്ഞ നേതൃത്വത്തിലൂടെ സമിതിയുടെ എല്ലാ പ്രവർത്തനങ്ങളും കൃത്യമായ ആസൂത്രണത്തോടെയും വിജയകരമായ നിർവ്വഹണത്തോടെയും മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു.

## സംഘടന പ്രവർത്തന രീതികൾ

KCYM യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ക്രമബദ്ധമായി മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഓരോ മാസവും രണ്ടാം ഞായറാഴ്ചയും നാലാം ഞായറാഴ്ചയും ജനറൽ ബോഡി യോഗങ്ങൾ നടത്തപ്പെട്ടു. ഈ യോഗങ്ങൾ പ്രവർത്തനങ്ങളുടെ ആസുത്രണത്തിനും വിലയിരുത്തലിനും യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വലിയ പങ്കുവഹിച്ചു. അതോടൊപ്പം യുവജനങ്ങളുടെ ആത്മീയ വളർച്ച ലക്ഷ്യമാക്കി രണ്ടുമാസത്തിലൊരിക്കൽ തെയ്സേ പ്രാർത്ഥന സ്ഥിരമായി സംഘടിപ്പിച്ചു.

## പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും

### യുവജന ദിനാചരണം

ജൂലൈ മാസത്തിലെ യുവജന ദിനാചരണന്റെ ഭാഗമായി ഇന്നത്തെ യുവജനങ്ങൾ നേരിടുന്ന സാമൂഹികവും ആത്മീയവുമായ വെല്ലുവിളികളെ ആസ്പദമാക്കി തെരുവ് നാടകം അവതരിപ്പിച്ചു. അന്നേ ദിനം മൂന്നാമത്തെ ദിവ്യബലിക്ക് KCYM നേതൃത്വം നൽകി. തുടർന്ന് പതാക ഉയർത്തുകയും യുവജനങ്ങളുടെ ദർശനവും ലക്ഷ്യബോധവും ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു. അതിനോടൊപ്പം, കഠിനംകുളം പോലീസിന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ നിയമങ്ങളെ കുറിച്ചുള്ള ഒരു ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. എല്ലാ KCYM അംഗങ്ങളും സജീവമായി പങ്കെടുത്ത ഈ ക്ലാസ് യുവജനങ്ങൾക്ക് സാമൂഹിക ബോധം വർദ്ധിപ്പിക്കാൻ സഹായകരമായി.

തിരുനാൾ ആഘോഷങ്ങളും കലാസന്ധ്യയും

ഇടവക തിരുനാളിനോടനുബന്ധിച്ച് കലാസന്ധ്യ എന്ന പേരിൽ യുവജനങ്ങളുടെ കലാപരിപാടികൾ സംഘടിപ്പിച്ചു. യുവജനങ്ങളുടെ കലാവാസനകളെ പ്രകടിപ്പിക്കാൻ ഈ വേദി വലിയ അവസരമായി മാറി.

സ്വാതന്ത്ര്യദിനവും മാതാവിന്റെ തിരുനാളും

ആഗസ്റ്റ് 15-ന് പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാൾ ദിനത്തിൽ KCYM പ്രഭാത ദിവ്യബലിക്ക് നേതൃത്വം നൽകി. തുടർന്ന് ദേശീയ പതാക ഉയർത്തി. വിശ്വാസവും ദേശസ്നേഹവും ഒരുമിച്ചുചേർന്ന ഒരു ആഘോഷമായിരുന്നു ഇത്.

ഓണാഘോഷം

സെപ്റ്റംബർ മാസത്തിൽ ഓണാഘോഷം പരിപാടികൾ വലിയ ഉത്സാഹത്തോടെയും കൂട്ടായ്മ മനോഭാവത്തോടും കൂടി സംഘടിപ്പിച്ചു. അത്തപ്പൂക്കളം ഓണസദ്യ തുടങ്ങിയ പരിപാടികൾ യുവജനങ്ങളുടെ ഐക്യം കൂടുതൽ ശക്തിപ്പെടുത്തി.

സാമൂഹിക സേവന പ്രവർത്തനങ്ങൾ

ഒക്ടോബർ 12-ാം തീയതി KCYM നേതൃത്വത്തിൽ സെന്റ്. ആൻഡ്രൂസ് ബെനഡിക്ട മെന്നി മെന്റൽ റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിച്ചു. അവിടെയുള്ള സഹോദരങ്ങളോടൊപ്പം സമയം ചെലവഴിക്കുകയും ഒരു നേരത്തെ ആഹാരം നൽകുകയും ചെയ്തു. ഈ പ്രവർത്തനം കരുണയും സഹാനുഭൂതിയും നിറഞ്ഞ ക്രിസ്തീയ സേവനത്തിന്റെ മനോഹരമായ ഉദാഹരണമായി മാറി.

ക്രിസ്തുമസ് ആഘോഷം

ക്രിസ്തുമസിനോടനുബന്ധിച്ച് പള്ളിക്ക് മുൻവശത്ത് മനോഹരമായ ക്രിസ്തുമസ് സ്റ്റാർ അലങ്കാരം ഒരുക്കി.

ആത്മീയ പ്രവർത്തനങ്ങൾ

ഫെബ്രുവരി 15-ാം തീയതി വൈകുന്നേരം KCYM നേതൃത്വത്തിൽ ഭക്തിപൂർവ്വമായ തെയ്സേ പ്രാർത്ഥന സംഘടിപ്പിച്ചു. ധ്യാനാത്മകമായ ഈ പ്രാർത്ഥന യുവജനങ്ങളുടെ ആത്മീയജീവിതം ആഴപ്പെടുത്താൻ സഹായിച്ചു. കൂടാതെ വർഷം മുഴുവൻ വിവിധ ആത്മീയ സംഗമങ്ങളും പ്രാർത്ഥനകളും സംഘടിപ്പിച്ചു. ദുഃഖവെള്ളിയാഴ്ച നോമ്പു തുറക്കുന്നവർക്കായി KCYM-ന്റെ നേതൃത്വത്തിൽ ഉച്ചകഞ്ഞി വിതരണം ചെയ്തു.

തീർത്ഥാടനം

മാർച്ച് 21-ാം തീയതി ഗജഥങ യുവജനങ്ങളുടെ തെക്കൻ കുരിശുമല തീർത്ഥാടനം നടത്തി. ഏകദേശം 60 യുവജനങ്ങൾ പങ്കെടുത്ത ഈ തീർത്ഥാടനം വിശ്വാസത്തിന്റെ ഒരു ആഴമുള്ള അനുഭവമായി മാറി.

ഉപസംഹാരം

2025-2026 വർഷം മരിയനാട് KCYM യൂണിറ്റിന് ആത്മീയ വളർച്ചയുടെയും സജീവ പ്രവർത്തനങ്ങളുടെയും അനുഗ്രഹീത വർഷമായി മാറി. യുവജനങ്ങളുടെ ഐക്യവും സമർപ്പണവും ഭാരവാഹികളുടെ കാര്യക്ഷമമായ നേതൃത്വവും ചേർന്നാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത്. വിശ്വാസത്തിൽ ഉറച്ച സേവനത്തിൽ മുന്നിട്ടുനിൽക്കുന്ന യുവജനങ്ങൾ എന്ന ദർശനം സാക്ഷാത്കരിക്കുന്നതിനായി KCYM ഭാവിയിലും കൂടുതൽ ശക്തമായി മുന്നേറട്ടെ എന്ന് പ്രത്യാശിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി യുവജനങ്ങൾ തങ്ങളുടെ ദൗത്യം തുടർന്നും ആത്മാർത്ഥതയോടെ നിർവഹിക്കുമെന്ന പ്രതിജ്ഞയോടെ മുന്നേറുന്നു.